# പതിനാലാം കേരള നിയമസഭ
# പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2490** **07/02/2019-ൽ മറുപടിയ്ക്ക്**

## കാർഷിക വികസന ബാങ്കുകൾക്ക് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിൽ നിന്നും കേരളത്തിലെ കാർഷിക വികസന ബാങ്കുകൾക്ക് എത്ര കോടി രൂപയുടെ ധനസഹായമാണ് ലഭിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | (എ) | 2016 മേയ് മുതൽ 2019 ജനുവരി വരെ നബാർഡിൽ നിന്നും കാർഷിക വികസന ബാങ്കിന് ധനസഹായം ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ 3839.37 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നബാർഡിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ നിലവിൽ എന്തെല്ലാം വായ്പകളാണ് കർഷകർക്ക് നൽകി വരുന്നത്; ഇതിൽ പലിശ നിരക്ക് നബാർഡ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | നബാർഡിൽ നിന്നും വായ്പയായി ലഭിക്കുന്ന തുക ഉപയോഗിച്ച് പ്രാഥമിക കാർഷിക വികസന ബാങ്കുകൾ കർഷകർക്ക് കാർഷികം, കാർഷികേതരം, ഭവന നിർമ്മാണം എന്നീ വായ്പകൾ നൽകി വരുന്നു. ഈ കാലയളവിൽ നബാർഡ് പലപ്പോഴായി 6 പ്രാവശ്യത്തോളം പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ നബാർഡ് സംസ്ഥാന ബാങ്കിൽ ചുമത്തുന്ന പലിശ നിരക്ക് ഇപ്രകാരമാണ്.<br>1. ഹ്രസ്വകാല വായ്പ - 8.40%<br>2. ദീർഘകാല പുനർ വായ്പ-5 വർഷത്തിനുള്ള 9%<br>3. ദീർഘകാല പുനർ വായ്പ - 3 മുതൽ 5 വർഷം വരെ 9.15%.<br>4. ദീർഘകാല പുനർ വായ്പ - 18 മാസം മുതൽ 3 വർഷം 9%. |

(സി) പി.എ.സി.എസ് വഴി 2016 മെയ് മുതൽ 2019 ജനുവരി 1 വരെ എത്ര കർഷകർക്ക് എത്ര കോടി രൂപയുടെ വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

(സി) 2016 മെയ് മുതൽ 2019 ജനുവരി 1 വരെ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി ആകെ 5175.65 കോടി രൂപ 316938 കർഷകർക്ക് വായ്പയായി നൽകിയിട്ടുണ്ട്. ഇനം തിരിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

**കോടിയിൽ**

| വായ്പകൾ | 2016-17 | 2017-18 | 2019 ജനുവരി വരെ | ആകെ |
|---|---|---|---|---|
| കാർഷികം | 735.06 | 828.83 | 466.25 | 2030.14 |
| കാർഷികേതരം | 264.02 | 306.51 | 194.70 | 765.23 |
| ഭവനനിർമ്മാണം | 777.66 | 940.48 | 662.14 | 2380.28 |
| ആകെ | 1776.74 | 2075.82 | 1323.09 | 5175.65 |

നബാർഡിൽ നിന്നും ലഭിച്ച വായ്പക്ക് പുറമെ വായ്പ തിരിച്ചടവായി ലഭിച്ച തുകയും വായ്പയായി വിതരണം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ